©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
തിങ്കൾ
Thiruvananthapuram,
Monday

2026 മേയ് 25
25th May 2026
1201 ഇടവം 11
11th Idavam 1201
1948 ജ്യേഷ്ഠം 4
4th Jyaishta 1948

നമ്പർ
No.
1665

1961 ലെ കേരളാ സർവ്വെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1) വകുപ്പ് പ്രകാരമുള്ള പരസ്യം

നമ്പർ : ബി1- 17/2026/KIIFBKTM

2026 മെയ് 22

താഴെപറയുന്ന താലൂക്കിലെ താഴെപറയുന്ന വില്ലേജിലെ താഴെപറയുന്ന സർവ്വെ നമ്പരുകളിൽപ്പെടുന്ന ഭൂമിയുടെ സർവ്വെ നടത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിരിക്കുകയാൽ താഴെപറയുന്ന വില്ലേജിലെ സർവ്വെ പ്രവർത്തനങ്ങൾ വേഗം തന്നെ ആരംഭിക്കുന്നതാണെന്നും താഴെ പറയുന്ന വില്ലേജിലെ താഴെപറയുന്ന സർവ്വെ നമ്പരുകൾ അതിർത്തി തിരിച്ച് സർവ്വെ ചെയ്യുന്നതാണെന്നും 1961-ലെ കേരളാ സർവ്വെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1) വകുപ്പ് പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു.

താഴെപറയുന്ന ഭൂമിയുടെ ഉള്ളിലോ അഥവാ അവയോട് ചേർന്നോ സ്ഥിതി ചെയ്യുന്ന രജിസ്റ്റർ ചെയ്ത ഭൂമിയിൽ അവകാശം ഉണ്ടെന്ന് തേർച്ച ചെയ്യുന്ന ഏതൊരാളെയും നേരിട്ടോ ഏജന്റ് മുഖേനയോ സ്ഥലത്ത് ജോലിചെയ്യുന്ന സർവ്വെയറുടെ അടുത്ത് ഹാജരാകുന്നതിനും അതിരുകൾ കാണിച്ചു കൊടുക്കുന്നിനും അതോട് ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനും വേണ്ടി അതാതു സമയം ആവശ്യപ്പെടുമ്പോൾ ഹാജരാകുന്നതിനും വേണ്ടി ഇതിനാൽ ക്ഷണിച്ചു കൊള്ളുന്നു.

പ്രസ്തുത ആക്ടിലെ 6(2)-ാം വകുപ്പ് പ്രകാരം ഈ പരസ്യം താഴെപറയുന്ന ഭൂമിയിൽ അവകാശ ബന്ധമുള്ള ഏതൊരാൾക്കുമുള്ള സാധുവായ നോട്ടീസ് ആയി കാണക്കാക്കപ്പെടുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രസ്തുത ആക്ടിലെ 6(3)-ാം വകുപ്പ പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ കൈവശക്കാരും :-

(എ) സർവ്വെ ചെയ്യുന്നതിനു വേണ്ടി നിർമ്മാർജനം ചെയ്യേണ്ട ആവശ്യം ഉണ്ടായേക്കാവുന്ന വല്ല മരങ്ങളോ, കുറ്റിക്കാടുകളോ, വേലികളോ നിൽക്കുന്ന വിളകളോ അഥവാ സാരവത്തായ മറ്റു തടസ്സങ്ങളോ 15 ദിവസത്തിനകം മുറിച്ചു കളയുകയോ നീക്കം ചെയ്യുകയോ ചെയ്ത് അതിരുകളോ മറ്റു ലൈനുകളോ വെടിപ്പാക്കണമെന്നും ;

(ബി) കൊടി പിടിക്കുന്നവരെയും ചെയിൻമാൻമാരെയും നിയോഗിച്ച് അതാതു സമയം ആവശ്യമായേക്കാവുന്ന സമയത്തേയ്ക്കും കാലത്തേയ്ക്കും തൊഴിലാളികളെ ഏർപ്പെടുത്തണമെന്നും ;

(സി) അനുയോജ്യമായ സർവ്വെ അടയാളങ്ങൾ നൽകണമെന്നും മറ്റു പ്രകാരത്തിൽ പ്രസ്തുത ആക്ടോ, അതു പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ അനുസരിച്ച് ആവശ്യപ്പെട്ടേക്കാവുന്ന സഹായങ്ങൾ സർവ്വെയർക്ക് നൽകണമെന്നും ഇതിനാൽ ആവശ്യപ്പെടുന്നു.

മേൽ പറഞ്ഞ (എ) മുതൽ (സി) വരെയുള്ള ഖണ്ഡങ്ങൾ പ്രകാരമുള്ള ഈ അഭ്യർത്ഥനകൾ അനുസരിക്കുന്നതിൽ ആരെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ ജോലി കൂലിപ്പണിക്കാരെ കൊണ്ട് ചെയ്യിക്കുന്നതിനും ആയതിന്റെ ചെലവ് ആകട്ടിലും അതു പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതു പോലെ വീഴ്ച വരുത്തിയിട്ടുള്ളവരിൽ നിന്നും വസൂലാക്കാവുന്നതുമാണ്.

സ്ഥലത്തിന്റെ വിവരങ്ങൾ

ജില്ല : കോട്ടയം *താലൂക്ക്* : വൈക്കം

വില്ലേജ് : തലയാഴം, വെച്ചൂർ

ക്രമനമ്പർ	വില്ലേജ്	സർവ്വെ നമ്പർ
1	തലയാഴം	329 പാർട്ട്, 319 പാർട്ട്, 275 പാർട്ട്, 255 പാർട്ട്, 254 പാർട്ട്, 145 പാർട്ട്, 122 പാർട്ട്, 6 പാർട്ട്
2	വെച്ചൂർ	6 പാർട്ട്, 195 പാർട്ട്, 222 പാർട്ട്, 307 പാർട്ട്, 374 പാർട്ട്, 341 പാർട്ട്, 520 പാർട്ട്, 521 പാർട്ട്

സ്പെഷ്യൽ തഹസിൽദാർ
എൽ. എ (കിഫ്ബി), കോട്ടയം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.05.25 04:27:06 +05:30